## പതിമൂന്നാംകേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3130** — **20.12.2012 - ൽ മറുപടിക്ക്**

## മണ്ണുത്തി-വളയാർ ദേശീയപാത

| ചോദ്യം<br>ശ്രീ. വി. ചെന്താമരാക്ഷൻ | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | മണ്ണുത്തി- വളയാർ ദേശീയപാതയുടെ പണി ഏതുഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | (എ) | ദേശീയപാത 47 -ൽ വടക്കഞ്ചേരി മുതൽ മണ്ണുത്തി (കി.മീ. 240/000 മുതൽ 270/000) വരെയുള്ള ഭാഗത്തിന്റെ വികസന പ്രവൃത്തിക്കുള്ള കൺസഷൻ എഗ്രിമെന്റ് 24/8/2009-ൽ തൃശ്ശൂർ എക്സ്പ്രസ്വേ ലിമിറ്റഡ് ഒപ്പ വച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിലുള്ള പ്രശ്നങ്ങൾ മൂലം ടി പ്രവൃത്തി 5% മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളു. ഇപ്പോൾ പദ്ധതി മൂലം ബാധിക്കപ്പെട്ട ആളുകളും, ആക്ഷൻ കൗൺസിലും കരാർ കമ്പനിയെ പണികൾ ചെയ്യാൻ അനുവദിക്കുന്നില്ല.<br>വളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള നാലുവരിപാതയുടെ (കി.മീ.182.250 മുതൽ 240 വരെ) നിർമ്മാണ പ്രവൃത്തികൾ 17/09/2012 -ൽ കെ.എൻ.ആർ.വാളയാർ ടോൾ വേയ്സ് പ്രൈവറ്റ് ലിമിറ്റഡ് എഗ്രിമെന്റ് ഒപ്പ വച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി സ്ഥലം ഏറ്റെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോ; | (ബി) | വളയാർ മുതൽ മണ്ണുത്തി വരെയുള്ള ഭാഗത്ത് 90% -ൽ കൂടുതൽ സ്ഥലം ഏറ്റെടുക്കുകയും അത് എൻ.എച്ച്.എ. ഐ. യ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. നഷ്ട പരിഹാരം കൈപ്പറ്റിയതിനു ശേഷം പദ്ധതി പ്രദേശത്തെ ആളുകൾ ഒഴിഞ്ഞു പോയിട്ടില്ല. |

| | | | |
|---|---|---|---|
| | | | വളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള ഭാഗത്ത് അധികം നഷ്ടപരിഹാരതുക ആവശ്യപ്പെട്ടവർക്ക്, അത് നൽകി അവരെ ഒഴിപ്പിക്കാമെന്ന് ജില്ലാ ഭരണാധികാരികൾ ഉറപ്പ് നൽകിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഈ പദ്ധതി ബി.ഒ.റ്റി.(ടോൾ) സ്കീം വ്യവസ്ഥയിലാണ് നടപ്പിലാക്കുന്നത്. സ്ഥലം ഏറ്റെടുക്കുന്നതിനും, ഇലക്ട്രിക് പോസ്റ്റും പൈപ്പുകളും മറ്റും മാറ്റി സ്ഥാപിക്കുന്നതിനുമുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഇപ്പോഴത്തെ ഗതാഗത തടസ്സം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ ? | (ഡി) | മണ്ണുത്തി മുതൽ വടക്കഞ്ചേരി വരെയുള്ള ഭാഗത്തെ കുഴികൾ അടച്ചിട്ടുണ്ട്. ഇപ്പോൾ ഗതാഗതക്കുരുക്ക് അനുഭവപ്പെടാറില്ല. ഈ ഭാഗത്തെ 5.19 കോടി രൂപയുടെ അറ്റകുറ്റപണികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുകയാണ്. വടക്കഞ്ചേരി മുതൽ വളയാർ വരെയുള്ള ഭാഗത്ത് 50 ലക്ഷം രൂപയുടെ പണികൾ ഒ.ആർ.-ൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. ടി ഭാഗത്ത് ഇപ്പോൾ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നില്ല. ടി ഭാഗത്ത് 3.95 കോടി രൂപയുടെ അറ്റകുറ്റപണികൾക്കായിട്ടുള്ള ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ